# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3299 19/06/2019-ൽ മറുപടിയ്ക്ക്

## റാന്നിയിലെ പഴവങ്ങാടി പഞ്ചായത്തിലെ ശ്മശാന നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | റാന്നിയിലെ പഴവങ്ങാടി പഞ്ചായത്തിൽ ആരംഭിച്ച ശ്മശാന നിർമ്മാണത്തിന്റെ നിലവിലെ സ് ഥിതിയും ഇതിനായി അനുവദിച്ച തുകയും ഏതെല്ലാം പഞ്ചായത്തുകൾ ചേർന്നാണ് പ്രസ്തുത നിർമ്മാണത്തിനുള്ള ഫണ്ട് നൽകുവാൻ കരാറിൽ ഏർപ്പെട്ടിരുന്നതെന്നും വ്യക്തമാക്കുമോ; | എ) | റാന്നി, റാന്നി - അങ്ങാടി, റാന്നി - പഴവങ്ങാടി, ചെറുകോൽ എന്നീ 4 ഗ്രാമപഞ്ചായത്തുകൾ ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്ന ഒരു പൊതുശ്മശാനം റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സെല്ലാറുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. റാന്നി ഗ്രാമപഞ്ചായത്ത് 20,00,000/- രൂപയും, റാന്നി അങ്ങാടി പഞ്ചായത്ത് 16,40,000/- രൂപയും, റാന്നി - പഴവങ്ങാടി 20,00,000/- രൂപയും ചെറുകോൽ ഗ്രാമപഞ്ചായത്ത് 20,00,000/- രൂപയും ശ്മശാന നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. റാന്നി, റാന്നി - അങ്ങാടി, റാന്നി - പഴവങ്ങാടി, ചെറുകോൽ എന്നീ 4 ഗ്രാമ പഞ്ചായത്തുകളാണ് ഇതിലേക്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. |
| ബി) | നിലവിൽ ഈ നിർമ്മാണം മുടങ്ങുവാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം തടസ്സങ്ങൾ നീക്കി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ബി) | 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ മഹാ പ്രളയത്തിൽ സെല്ലാർ നിർമ്മാണത്തിനായി കൊണ്ടുവന്ന സാമഗ്രികൾക്ക് നാശനഷ്ടം സംഭവിച്ചതിനാലാണ് ശ്മശാന നിർമ്മാണം മുടങ്ങുവാൻ കാരണമായത്. 2019 - 20 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ച് ശ്മശാനം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ